പ്രോജക്ടുകളും 1998-99 ൽ 1,17,175 പ്രോജക്ടുകളും തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഇത്രയുമധികം പ്രോജക്ടുകൾ സമയബന്ധിതമായി സൂക്ഷ്മ പരിശോധന നടത്തുന്നതിനും സാങ്കേതികാനുവാദം നൽകുന്നതിനും തദ്ദേശസ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാർക്ക് കഴിയുകയില്ല. കൂടാതെ വിദഗ്ദ്ധ സമിതികളുടെ പ്രവർത്തന ചെലവ് കുറച്ചും അനുദ്യോഗസ്ഥാംഗങ്ങൾ സന്നദ്ധസേവനം നൽകിയും കൂട്ടായ്മയിലൂടെ പ്രവർത്തിച്ചും സമയബന്ധിതമായി കാര്യങ്ങൾ നടത്തുന്നതിന് സഹായിക്കുകയുമാണ് ചെയ്യുക. ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അവ രൂപീകരിച്ചിട്ടുള്ളത്. വിദഗ്ദ്ധ സമിതികൾക്ക് നിയമപ്രാബല്യം നൽകുന്നതിനും പഞ്ചായത്ത്, നഗരസഭ നിയമങ്ങളുടെ ഭേദഗതികൾ നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ ഇതിനു നിയമ പ്രാബല്യം ഇപ്പോൾ ആവശ്യമില്ലെന്ന ധാരണയിൽ എത്തിയതിനാൽ ആ ഭേദഗതി അംഗീകരിക്കുകയുണ്ടായില്ല. അതേ സമയം ഗവൺമെന്റ് ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള വിദഗ്ദ്ധ സമിതികൾ വേണ്ടെന്ന നിലപാടും സഭ കൈക്കൊണ്ടിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന പ്രോജക്ടുകളുടെ സമയ ബന്ധിതമായ പരിശോധന നടത്തി അനുവാദം നൽകുന്നതിന് സമ്മതം ആവശ്യമാകയാൽ ഇന്നത്തെ സാഹചര്യത്തിൽ പകരം സംവിധാനമുണ്ടാകുന്നതുവരെ വിദഗ്ദ്ധ സമിതികൾ തുടരണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*4) മതതീവ്രവാദ പ്രവർത്തനങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതന്യൂനപക്ഷ സംരക്ഷണമെന്നപേരിൽ മതതീവ്രവാദ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അയൽസംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദി പ്രവർത്തകർ സംസ്ഥാനത്തേയ്ക്ക് കടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് എൻ.ഡി.എഫ്, ആർ.എസ്.എസ്. എന്നീ തീവ്രവാദ സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)എൻ.ഡി.എഫ്, ആർ.എസ്.എസ്. സംഘപരിവാർ എന്നീ തീവ്ര വാദ സംഘടനകൾ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രസ്തുത സംഘടനകളുടെ പ്രവർത്തനം സംസ്ഥാനത്ത് നിരോധിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എച്ച്) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ)

(എ)&(ബി) സംസ്ഥാനത്ത് ചില മതതീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആർ.എസ്.എസ്. വിശ്വഹിന്ദു പരിഷത്ത് തുടങ്ങിയ ഹിന്ദു തീവ്രവാദ വർഗ്ഗീയ സംഘടനകളുടെയും എൻ.ഡി.എഫ്, പി.ഡി.പി. തുടങ്ങിയ ചില മുസ്ലീം മതതീവ്രവാദ സംഘടനകളുടെയും പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ചില ഭാഗങ്ങളിൽ എൻ.ഡി.എഫ്. എന്ന മതമൗലികസംഘടന മുസ്ലീം ന്യൂനപക്ഷ താല്പര്യസംരക്ഷണമെന്നപേരിൽ മതമൗലികവാദ പ്രവർത്തനങ്ങൾ നടത്തുന്നു. തൃശ്ശൂർ ജില്ലയിലെ സിദ്ധനെ കൊലപ്പെടുത്തിയ കേസിലും, കണ്ണൂർ ജില്ലയിലെ ഡോ. ഫറൂക്കിനെ ആക്രമിച്ച കേസിലും, സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹിതരായ മലപ്പുറം ജില്ലയിലെ തസ്നിബാനു നാസർ ദമ്പതികളെ ഭീഷണിപ്പെടുത്തിയ സംഭവത്തിലും, ഇവരുടെ വിവാഹത്തിനു വേണ്ട ഒത്താശകൾ ചെയ്തുകൊടുത്ത മലപ്പുറം ജില്ലായുക്തിവാദിസംഘടനയുടെ നേതാവ് ശ്രീ. ജബ്ബാറിനേയും ഭാര്യയേയും ഭീഷണിപ്പെടുത്തിയതിനു പിന്നിലും എൻ.ഡി.എഫ്. പ്രവർത്തകരാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) അൽ-ഉമ്മ എന്ന തമിഴ്നാട്ടിലെ മത-തീവ്രവാദസംഘടനയുടെ ചില പ്രധാന പ്രവർത്തകർ കേരളത്തിൽ നിന്ന് കോയമ്പത്തൂരിലേക്ക് കുടിയേറി താമസമാക്കിയവരാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോയമ്പത്തൂർ ബോംബ് സ്ഫോടനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് രഹസ്യമായി താമസിച്ചിരുന്ന അൽ-ഉമ്മയുമായി ബന്ധമുള്ള ചില പ്രതികളെ കേരള പോലീസ് അറസ്റ്റുചെയ്ത് തമിഴ്നാട് പോലീസിന് കൈമാറിയിട്ടുണ്ട്;

(ഡി) അയൽസംസ്ഥാനങ്ങളിൽ നിന്നും മതമൗലികവാദപ്രവർത്തകർ കേരളത്തിലേക്ക് കടക്കുന്നത് തടയുന്നതിന്, ബന്ധപ്പെട്ട സംസ്ഥാന പോലീസുമായി സഹകരിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത സംഘടനകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും എന്തെങ്കിലും നിയമവിരുദ്ധപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ തടയുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) ടി. സംഘടനകൾ ആരാധനാലയങ്ങളും അവയുടെ പരിസരങ്ങളും തങ്ങളുടെ പ്രവർത്തനമേഖലകളായി ചില പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി)&(എച്ച്) പ്രസ്തുത സംഘടനകളെ നിരോധിക്കുന്നതുകൊണ്ടു മാത്രം ഇത്തരം പ്രവർത്തനങ്ങൾ തടയാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തസ്തികകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. ബോംബും മറ്റ് സ്ഫോടകവസ്തുക്കളും കണ്ടെടുക്കുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ആധുനിക സംവിധാനങ്ങളോടുകൂടി ഇന്റലിജൻസ് വിഭാഗം ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. മതമൗലികവാദസംഘടനകളുമായി ബന്ധപ്പെട്ട സ്ഫോടകവസ്തുശേഖരവും നിർമ്മാണവും കർശനമായി തടയുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം നടത്തുന്ന അന്വേഷണത്തിനു പുറമേ ഓരോ ജില്ലാ അതിർത്തിക്കുള്ളിലും പ്രസ്തുത വിവരങ്ങൾ മുൻകൂട്ടി ശേഖരിച്ച് അറിയിക്കുന്നതിന് ക്രൈംഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. മതമൗലികസംഘടനകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് യുക്തമായ നടപടികൾ അപ്പോഴപ്പോൾ സ്വീകരിക്കുന്നുണ്ട്.

5 (*5) ആശുപത്രികളുടെ സമഗ്ര വികസനം

പ്രൊഫ: മീനാക്ഷിതമ്പാൻ :

ശ്രീ. ജോസ് ബേബി :

ശ്രീ. പി.എസ്. സുപാൽ :

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളുടെ സമഗ്രവികസനത്തിനായുള്ള ലോകബാങ്ക് പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി ലഭിച്ചതെന്നാണ്; എത്രകോടി രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി മൂലം ഏതെല്ലാം തരത്തിലുള്ള ആശുപത്രികളുടെ എന്തെല്ലാം തരത്തിലുള്ള വികസനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)മുതൽ (സി)വരെ ലോകബാങ്കിന്റെ സാമ്പത്തികസഹായത്തോടെ ഇൻഡ്യയിലെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യ വ്യവസ്ഥാ പദ്ധതിയിൽ കേരളത്തെയും ഉൾപ്പെടുത്തുന്നതിനായി, സംസ്ഥാനത്തെ ദ്വിതീയതല ആശുപത്രികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി 423.65 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. ദ്വിതീയതല ആശുപത്രികളിൽ വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം, ചികിൽസാ സാമഗ്രികൾ ലഭ്യമാക്കാൻ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly